പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5791 — 05/07/2013 -ൽ മറുപടിക്ക്

**ആധാരം എഴുത്ത് മേഖലയിൽ പണിയെടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | കേരളത്തിൽ എത്ര സബ് രജിസ്ട്രാർ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; | എ) | കേരളത്തിൽ 311 സബ് രജിസ്ട്രാർ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) | രജിസ്ട്രേഷൻ വകുപ്പിനെ എത്ര മേഖലകളായി വിഭജിച്ചിട്ടുണ്ട് ; | ബി) | രജിസ്ട്രേഷൻ വകുപ്പിനെ നാല് മേഖലകളായി വിഭജിച്ചിട്ടുണ്ട്. |
| സി) | കേരളത്തിൽ ആകെ എത്ര ആധാരം എഴുത്ത് /കൈപ്പട ലൈസൻസികൾ ഉണ്ട് ; | സി) | കേരളത്തിൽ 5,291 ആധാരമെഴുത്ത് ലൈസൻസികളും, 14,820 കൈപ്പട ലൈസൻസികളും ഉണ്ട്. |
| ഡി) | കേരളത്തിലെ ആധാരം എഴുത്ത് മേഖലയിൽ പണിയെടുക്കുന്നവർക്ക് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുന്നുണ്ട് ; | ഡി) | രജിസ്ട്രേഷൻ വകുപ്പിൽനിന്ന്, ആധാരം എഴുത്ത് മേഖലയിൽ പണിയെടുക്കുന്നവർക്ക് ആനുകൂല്യങ്ങൾ ഒന്നുംതന്നെ നൽകുന്നില്ല. എന്നാൽ, സർക്കാർ, ആധാരമെഴുത്തുകാരുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| ഇ) | രജിസ്ട്രേഷൻ വകുപ്പിൽ ആധാരം എഴുത്തുമായി ബന്ധപ്പെട്ട് പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഇ) | ഉണ്ട്. |
| എഫ്) | ഉണ്ടെങ്കിൽ എന്തെല്ലാം പരിഷ്കാരങ്ങളാണെന്ന് വ്യക്തമാക്കുമോ; | എഫ്) | വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനം കാലതാമസം കൂടാതെ നൽകുവാൻ ലക്ഷ്യമിടുന്ന പരിഷ്കാരങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| ജി) | പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനു മുന്നോടിയായി ആധാരം എഴുത്ത് മേഖലയിലുള്ള സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനം എടുത്തിട്ടുണ്ടോ; | ജി) | പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനു മുന്നോടിയായി, ആധാരം എഴുത്ത് മേഖലയിലുള്ള സംഘടനകളുമായി മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും നിരവധി തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| എച്ച് | പുതിയ പരിഷ്കാരങ്ങൾ | എച്ച് | ആധാരം എഴുത്തുകാരുടെ തൊഴിൽ |

| | | | |
|---|---|---|---|
| | നടപ്പിലാക്കുമ്പോൾ ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | സംരക്ഷിച്ചുകൊണ്ടുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കിവരുന്നത്. |
| ഐ) | ഉണ്ടെങ്കിൽ അത് ഏതെല്ലാം രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് | ഐ) | നിലവിലുള്ള ആധാരമെഴുത്ത് സമ്പ്രദായത്തിൽ യാതൊരു മാറ്റവും പുതിയ പരിഷ്കാരങ്ങൾമൂലം വരുന്നില്ല. നിലവിലുള്ള സമ്പ്രദായത്തിനു പുറമെ, കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനത്തിലൂടെയും ആധാരമെഴുത്തുകാർക്ക് രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുവാൻ സാധിക്കും. നിലവിൽ ആധാരം തയ്യാറാക്കി നൽകുന്ന ജോലിയാണ് ആധാരമെഴുത്തുകാർ നിർവ്വഹിച്ചു വരുന്നത്. രജിസ്ട്രേഷൻ വകുപ്പിൽ, വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പരിഷ്കാരങ്ങൾ പ്രായോഗികവത്കരിക്കുന്ന വേളയിൽ, ആധാരമെഴുത്തുകാർക്ക്, സാധ്യമായ മേഖലയിൽ, വിവരസാങ്കേതിക വിദ്യയിൽ ആവശ്യമായ പരിശീലനം നൽകിക്കൊണ്ട്, രജിസ്ട്രേഷൻ സംബന്ധമായ സേവനപ്രദാനത്തിൽ അവർക്കുകൂടി പങ്കാളിത്തം ലഭിക്കുന്ന രീതിയിലുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| ജെ) | ആധാരമെഴുത്തുകാരുടെ പെൻഷൻ ബിൽ പ്രകാരമുള്ള ആനുകൂല്യങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകി തുടങ്ങിയിട്ടുണ്ടോ ; | ജെ) | ആധാരമെഴുത്തുകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി തുടങ്ങിയിട്ടില്ല. |
| കെ) | ഇല്ല എങ്കിൽ കാരണം വ്യക്തമാക്കുമോ? | കെ) | ആധാരം എഴുത്തുകാരുടെ പെൻഷൻ ബിൽ പാസ്സായതിന്റെ അടിസ്ഥാനത്തിൽ, ഇതുമായി ബന്ധപ്പെട്ട ആദ്യത്തെ ക്ഷേമനിധി ബോർഡ് യോഗം 15/7/2013ൽ കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. ബോർഡ് തീരുമാനപ്രകാരം പെൻഷൻ നൽകുന്നതു സംബന്ധിച്ച തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.